## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T4601

20/10/2011 - ൽ മറുപടിക്ക്.

## കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഉൾനാടൻ ജലപാതയിലൂടെ ചരക്ക് ഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കുമോ ; | : | (എ) ഉൾനാടൻ ജലപാതയിലൂടെ ചരക്ക് ഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ബാർജ് സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) കോർപ്പറേഷൻ നാവികയാനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | : | (ബി) പ്രധാനമായും പൊതുമേഖലയിലേയും, ചില സ്വകാര്യമേഖലയിലേയും ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികളും, നിർമ്മാണവും ഏറ്റെടുത്ത് നടത്തി വരുന്നു. ഇതിനായി തോപ്പുംപടിയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു സ്ലിപ്‌വേ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിൽ നിന്നും എത്ര ബോട്ടുകളുടെ നിർമ്മാണത്തിനാണ് അനുമതി ലഭിച്ചത് ; അനുമതി എന്നാണ് ലഭിച്ചത് ; | : | (സി) ടൂറിസം വകുപ്പിനു വേണ്ടിയുള്ള 4 ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണത്തിനുള്ള ഓർഡർ 2010 സെപ്തംബറിൽ ലഭിച്ചു. |
| (ഡി) അവ നിർമ്മിച്ചു കൊടുക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ? | : | (ഡി) 2010 സെപ്തംബറിൽ ലഭിച്ചിട്ടുള്ള ഓർഡറിൽ 18 മാസത്തിനകം പണി പൂർത്തീകരിക്കാനാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ഏറ്റിട്ടുള്ളത്. ആയതു പ്രകാരം 2012 മാർച്ച് മാസം വരെയുള്ള കാലാവധിയ്ക്കുള്ളിൽ പണി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ